**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3049** **18-03-2022 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വകുപ്പിന് കീഴിലെ പ്രസിദ്ധീകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളും പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങൾ ഏതെല്ലാമാണ്; നിലവിൽ ഇവ പ്രസിദ്ധീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളും പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങൾ താഴെപറയും പ്രകാരമാണ്. ഫിഷറീസ് വകുപ്പ് 1. ജനകീയ മത്സ്യകൃഷി സ്പെഷ്യൽ സെൽ മുഖേന മത്സ്യരോഗ നിവാരണത്തിനും നിയന്ത്രണത്തിനുമായി 'SOP for Aquatic Animal Health Management', എന്ന പുസ്തകം. 2. മത്സ്യകൃഷി പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ക്രമീകരിക്കുന്നതിനായി 'Package of Aquaculture Practices' എന്ന പുസ്തകം. 3. വിവിധ മത്സ്യകൃഷി രീതികളെ ക്കുറിച്ചുള്ള അറിവ് കർഷകർക്ക് പകരുന്നതിനായി 14 ബ്രോഷറുകൾ. 4. ഫിഷറീസ് വകുപ്പ് മുഖാന്തിരം കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ നടത്തിയ വിവിധ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ബ്രോഷർ 5. മത്സ്യവിത്ത് കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട കർഷകരിലേക്കും അനുബന്ധ പ്രവർത്തകരിലേക്കും എത്തിക്കുന്നതിനും, അവബോധം സൃഷ്ടിക്കുന്നതിനുമായുള്ള ബ്രോഷർ. 6. കൂടാതെ ഫിഷറീസ് വകുപ്പിന്റെ സ്റ്റാറ്റിസ്റ്റിക്സ് സെല്ലിൽ നിന്നും Socio Economic Survey of Fisherfolk of Kerala 2013 7. Kerala Fisheries Statistics – at a glance 2017 8. Coastal line Survey Report 2018-19 9. Kerala Fisheries Statistics – at a glance 2019 10. Fisheries Hand Book 2019 11. Fisheries Hand Book 2020 എന്നിവ പ്രസിദ്ധീകരിച്ചു. കൂടാതെ Kerala Fisheries Statistics – at a glance 2020 പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. മത്സ്യഫെഡ് 1. മത്സ്യഫെഡ് ഇൻഫർമേഷൻ ഗൈഡ് എല്ലാ വർഷവും മത്സ്യഫെഡ് ഇൻഫർമേഷൻ ഗൈഡ് പ്രസിദ്ധീക രിക്കുന്നുണ്ട്. 2)മത്സ്യ 'മത്സ്യ' എന്ന പേരിൽ ഒരു |

| | | | |
|---|---|---|---|
| | | | മാസിക 2020 ഫെബ്രുവരി മാസം മത്സ്യഫെഡ് പ്രസിദ്ധീകരിച്ചിരുന്നു. നിലവിൽ ടി മാസിക പ്രസിദ്ധീകരിക്കുന്നില്ല. |
| (ബി) | പ്രസ്തുത പ്രസിദ്ധീകരണങ്ങൾക്കു പുറമേ നോട്ടീസുകൾ, ക്ഷണക്കത്തുകൾ, ആശംസാകാർഡുകൾ തുടങ്ങി മറ്റു തരത്തിൽ അച്ചടിച്ച പ്രസിദ്ധീകരണങ്ങൾക്കായി സർക്കാർ ഖജനാവിൽ നിന്നും ചെലവാക്കിയ തുക എത്രയെന്നും ഓരോ ഇനത്തിലും ചെലവാക്കിയ തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ; | (ബി) | നോട്ടീസുകൾ, ക്ഷണക്കത്തുകൾ, ആശംസാ കാർഡുകൾ തുടങ്ങിയവയ്ക്കായി ഫിഷറീസ് വകുപ്പ് 2016-17 മുതൽ 2020-21 വരെ 5,15,843/- രൂപ ചെലവാക്കി |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യങ്ങൾക്കും അനൗൺസ്മെന്റുകൾക്കും മറ്റു പ്രചരണ പരിപാടികൾക്കും സർക്കാർ ഖജനാവിൽ നിന്നും ഫിഷറീസ് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ചെലവഴിച്ച തുക എത്രയാണ്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | 1) ഫിഷറീസ് വകുപ്പ് മുഖാന്തിരം കഴിഞ്ഞ സർക്കാരിന്റെ അഞ്ച് വർഷ കാലയളവിൽ നടത്തിയ വികസന ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള 20 മിനിട്ട് ദൈർഘ്യമുള്ള 'തീരം കാത്ത കാലം' എന്ന ഡോക്യുമെന്ററി തയ്യാറാക്കിയതിന് 2020-21 പദ്ധതി പ്രകാരം 4,70,600/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2) 'കടലോരങ്ങളിലെ പുതുരാഗങ്ങൾ' എന്ന പേരിൽ 2020-21 വർഷത്തിൽ ഡോക്യുമെന്ററി തയ്യാറാക്കിയതിന് 4,90,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 3) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പ് മുഖാന്തിരം ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കുവേണ്ടി വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ടും, വിവിധ ക്ഷേമപദ്ധതികൾക്ക് പ്രചാരം നൽകുന്നതിനായും ശ്രാവ്യ മാധ്യമമായ റെഡ് എഫ്എം, ക്ലബ് എഫ് എം,റേഡിയോ മിർച്ചി, ബിഗ് എഫ്എം, റേഡിയോ മാംഗോ, ഗ്ലോബൽ, ജവാനി, റേഡിയോ ബെൻസിഗർ എന്നീ 8 എഫ് എം റേഡിയോകൾ വഴി സംസ്ഥാനമൊട്ടാകെ 02/02/2019 മുതൽ 07/02/2019 വരെ 6 ദിവസകാലത്തേയ്ക്ക് പി. ആർ. ഡി. നിരക്കിൽ സംപ്രേക്ഷണം നടത്തിയിരുന്നു. ഇതിന് ചെലവായ തുക ചുവടെ ചേർത്തിരിക്കുംപ്രകാരമാണ്. ഫിഷറീസ് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ സർക്കാർ ഖജനാവിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുതകാലയളവിൽ യോഗങ്ങൾ, ബോധവൽക്കരണ പരിപാടികൾ, മറ്റു പൊതുപരിപാടികൾ എന്നിവയ്ക്കായി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ? | (ഡി) | പ്രസ്തുത കാലയളവിൽ യോഗങ്ങൾ, ബോധവത്കരണ പരിപാടികൾ, മറ്റു പൊതുപരിപാടികൾ എന്നിവയ്ക്കായി ചെലവാക്കിയ തുകയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പൊതു പരിപാടികൾക്കായി 5,41,409/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ |

| | | | |
|---|---|---|---|
| | | | മത്സ്യഫെഡ്, മത്സ്യബോർഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ തനതു ഫണ്ടിൽ നിന്നാണ് തുക വിനിയോഗിച്ചത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | വർഷം | കമ്പനി | അനുവദിച്ച തുക (രൂപ) |
|---|---|---|---|
| 1 | 2019 | റെഡ് എഫ് എം | 169920 |
| 2 | 2019 | ക്ലബ് എഫ് എം | 189036 |
| 3 | 2019 | റേഡിയോ മിർചി | 55755 |
| 4 | 2019 | ബിഗ് എഫ് | 25665 |
| 5 | 2019 | റേഡിയോ മാംഗോ | 172044 |
| 6 | 2019 | ഗ്ലോബൽ | 16992 |
| 7 | 2019 | ജവാനി | 14400 |
| 8 | 2019 | റേഡിയോ ബെൻസിഗർ | 28037 |
| ആകെ | | | 671849 |

## ഫിഷറീസ് വകുപ്പ്

| ഇനം | തുക (രൂപ) |
|---|---|
| വർക്ക് ഷോപ്പ്/സെമിനാർ | 62,883 |
| യോഗങ്ങൾ | 32,392 |

## മത്സ്യഫെഡ്

| ക്രമ നം | ഇനം | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 1 | യോഗങ്ങൾ | 14,87,652 |
| 2 | ബോധവത്കരണ പരിപാടികൾ | 2017413 |
| 3 | മറ്റു പൊതുപരിപാടികൾ | 52,79,267 |

## മത്സ്യബോർഡ്

| 2016-17 | | |
|---|---|---|
| | മത്സ്യത്തൊഴിലാളികൾ | അനുബന്ധ മത്സ്യത്തൊഴിലാളികൾ |
| എസ് എസ് എൽ സി ക്യാഷ് അവാർഡ് | 25,34,770 | 3,45,225 |
| പ്ലസ് ടു | 2,03,000 | 70,000 |
| സ്പോർട്സ് | 1,25,000 | 10,000 |
| സ്പെഷ്യൽ സാംങ്ഷൻ | 15,000 | 0 |
| ആകെ | 28,77,770 | 4,25,225 |

| 2017-18 | | |
|---|---|---|
| | മത്സ്യത്തൊഴിലാളികൾ | അനുബന്ധ മത്സ്യത്തൊഴിലാളികൾ |
| എസ് എസ് എൽ സി ക്യാഷ് അവാർഡ് | 35,60,881 | 4,14,000 |
| സ്പോർട്സ് | 25,000 | 0 |
| ബോധവത്കരണ പരിപാടി | 29,342 | 0 |
| ആകെ | 36,15,223 | 4,14,000 |

| 2018-19 | | |
|---|---|---|
| | മത്സ്യത്തൊഴിലാളികൾ | അനുബന്ധ മത്സ്യത്തൊഴിലാളികൾ |
| എസ് എസ് എൽ സി ക്യാഷ് അവാർഡ് | 53,46,718 | 6,65,000 |
| സ്പോർട്സ് | 25,000 | 16000 |
| മത്സ്യോത്സവം | 79,477 | 0 |
| ബോധവത്കരണ പരിപാടി | 29,342 | 0 |
| ആകെ | 54,80,537 | 681000 |